**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്ത സംരംഭങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ റീ-രജിസ്റ്റർ ചെയ്തവ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് മുപ്പത്തിയൊന്ന് വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീറെജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. ഏതെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുവെങ്കിലും അതിൽ നിന്നും രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ മാത്രമേ സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 2006 -ലെ എം.എസ്.എം.ഇ.ഡി ആക്റ്റ് പ്രകാരമുള്ള നിർവചനത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിശേഷം മൂലം ചെറിയ നിക്ഷേപവും കുറഞ്ഞ തൊഴിലവസരങ്ങളും ഉള്ള സൂക്ഷ്മ സംരംഭങ്ങളാണ് കൂടുതലായി കണ്ട് വരുന്നത്.<br><br>ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ സ്ഥിതിവിവര കണക്കുകൾ പ്രകാരം 2023 ഫെബ്രുവരി 20 വരെ 133,916 ആരംഭിക്കുകയും അവ മുഖാന്തിരം 287,822 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ 2.15 എന്ന ശരാശരി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് കാണാവുന്നതാണ്. നാഷണൽ സാമ്പിൾ സർവേ 73ആം റൗണ്ട് കണക്കുകൾ അനുസരിച്ച് രാജ്യത്ത് 633.83ലക്ഷം സൂക്ഷ്മ ചെറുകിട സംരംഭങ്ങളിലായി 1109.89 ലക്ഷം തൊഴിലാളികളാണ് പ്രവർത്തിക്കുന്നത്. ഒരു |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിൽ 1.75 എന്ന ശരാശരിയിൽ തൊഴിലാളികൾ പ്രവർത്തിക്കുന്നതായി കാണാം. സംരംഭക വർഷവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ മുഖേന സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണ് എന്ന് കാണാം. സംരംഭക വർഷം പോർട്ടലിലെ കണക്കുകൾ നേരിട്ടുള്ള തൊഴിലവസരങ്ങൾ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. സംരംഭം മൂലം സൃഷ്ടിക്കപ്പെടുന്ന പരോക്ഷ തൊഴിലവസരങ്ങൾ ഇതിലും ഉയർന്ന സംഖ്യ ആണെങ്കിലും കണക്കാക്കുക ദുഷ്കരമായതിനാൽ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുടങ്ങുന്ന സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ; | (സി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നിരവധി പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്.<br><br>**വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minster's Formalization of Micro Food Processing Enterprises) പദ്ധതി**<br><br>സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി.<br><br>**ഒരു കുടുംബം ഒരു സംരംഭം പദ്ധതി:**<br><br>പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുടങ്ങുന്ന സംരംഭങ്ങൾക്ക് 4% പലിശ നിരക്കിൽ വായ്പ നൽകുന്നതിന് ഒരു കുടുംബം ഒരു സംരംഭം പദ്ധതി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.<br><br>കൂടാതെ നിലവിൽ നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി, കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ), പ്രധാനമന്ത്രിയുടെ തൊഴിൽദായക |

| | | | |
|---|---|---|---|
| | | | പദ്ധതി (പി.എം.ഇ.ജി.പി) എന്നീ പദ്ധതികൾ മുഖേനയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ നൽകി വരുന്നു. ഇതിനു പുറമേ എം.എസ്.എം.ഇ- കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി, ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം തുടങ്ങിയ വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആനുകൂല്യം നൽകുന്ന പദ്ധതികളുമുണ്ട്. |
| (ഡി) | പ്രസ്തുത ആനുകൂല്യങ്ങൾ കൈപ്പറ്റിയ എം.എസ്.എം.ഇ.-കളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. കൂടാതെ PMFME പദ്ധതിയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിനും പ്രസ്തുത അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുകൊണ്ട് അനുവദനീയമായ ആനുകൂല്യം നൽകുന്നതിനും കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയം വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ